ധനസഹായം നൽകിവരുന്നു. കൈത്തറി മേഖലയിൽ ഓഹരി പങ്കാളിത്തം, പരിശീലന പരിപാടി, ഹാങ്ങ്കയാൺ സബ്സിഡി, മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ദീൻദയാൽ കൈത്തറി വികസന പദ്ധതി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ഹെൽത്ത് പാക്കേജ് സ്കീം, ഹൗസ് കം വർക്ക് ഷെഡ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയിൽ ബാബസാഹേബ് അംബേദ്ക്കർ ഹാത്ഷിപ്പ് വികാസ് യോജന, അർബൻഹാത്ത്, തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, പരിശീലനം, ഹൗസ് കംവർക്ക് ഷെഡ്, ഓഹരി പങ്കാളിത്തം, അപ്പെക്സ് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനുള്ള ഗ്രാന്റ് എന്നിവ നടപ്പാക്കിവരുന്നു.

കശുവണ്ടി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കശുമാവ് കൃഷി ആധുനീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ സംരക്ഷണത്തിനായി നാലരക്കോടി രൂപ സേഫ്റ്റി നെറ്റ് ഫെഡ്ഡിൽ തുക വകയിരുത്തി. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച നടത്തുന്നു.

ഓട് മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ഡെവലപ്മെന്റ് ആന്റ് ഡെമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ എന്ന പദ്ധതിക്കായി തുക അനുവദിച്ചു.

ഈറ്റ/മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തുക അനുവദിക്കുകയും ഇത് ഘട്ടം ഘട്ടം ആയി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ ഇപ്പോൾ നടപ്പിലാക്കിവരികയാണ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

5 (*245) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് ഭരണസമിതി നിലവിലില്ലാത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളിൽ തൊഴിലാളികൾക്കുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ ഇപ്പോൾ ഭരണസമിതി നിലവിലില്ല.

(ബി) ഉണ്ട്.

(സി) നടപടി കൈക്കൊള്ളുന്നതാണ്.

തൊഴിൽ കമ്മീഷൻ രൂപീകരണം

6 (*246) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് തൊഴിൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുമുൻപ് കേരളത്തിൽ തൊഴിൽ കമ്മീഷന് രൂപം നൽകിയിരുന്നുവോ ;

(സി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോയെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവോയെന്നും വിശദീകരിക്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) തൊഴിൽ നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) സംസ്ഥാനതലത്തിൽ അത്തരമൊരു കമ്മീഷനെ നിയമിച്ചിട്ടില്ല.

അംഗൻവാടി കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി

7 (*247) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗൻവാടികളിലൂടെ കുട്ടികൾക്ക് ഒരുകപ്പ് പാൽ കൊടുക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly